(സി) 13 പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. 15-ാം പ്രതി പ്രമോദിനെ അറസ്റ്റു ചെയ്തിട്ടില്ല. 4-ാം പ്രതി മരണപ്പെട്ടു.

(ഡി) ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു. കൂടാതെ ജുഡീഷ്യൽ അന്വേഷണത്തിനും ഉത്തരവായിട്ടുണ്ട്.

(ഇ) ഡിപ്പാർട്ടുമെന്റ് തലത്തിൽ പ്രാഥമിക അന്വേഷണത്തിന്റെ വെളിച്ചത്തിൽ 32 ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുകയും ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും അച്ചടക്കനടപടി കൈകൊള്ളാൻ നിർദ്ദേശം നല്കുകയും ചെയ്തു.

(എഫ്) ഔദ്യോഗിക കൃത്യ നിർവഹണത്തിന് വീഴ്ച വരുത്തിയതിനാലും മദ്യമാഫിയ സംഘങ്ങളുമായി അവിഹിത ബന്ധമുണ്ടെന്ന് ക്രൈംബ്രാഞ്ച് കണ്ടെത്തിയതിനാലുമാണ് നടപടി സ്വീകരിച്ചത്.

(ജി) മദ്യദുരന്തം ഉണ്ടായതായി സൂചന ലഭിച്ച ഉടൻ തന്നെ പോലീസ് സ്ഥലത്തെത്തി മുൻകരുതൽ നടപടികളെടുത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളും സ്വീകരിച്ചിട്ടുണ്ട്.

വടകര ചോമ്പാർ ഭാഗത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

44 (797) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര അസംബ്ലി മണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിലെ ചോമ്പാർ ഭാഗത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന് നാല് കൊല്ലം മുമ്പ് ഗവൺമെന്റ് തീരുമാനമെടുത്തിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് അവിടെ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ മുൻഗണനാ ലിസ്റ്റിൽ ചോമ്പാർ 40-ാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസ് ഡയറക്ടർ ജനറലിൽ നിന്ന് മുൻഗണനാക്രമത്തിൽ നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

ചാത്തന്നൂരിൽ പുതിയ ഡിവൈ.എസ്.പി. ഓഫീസ് സ്ഥാപിക്കാൻ നടപടി

45 (798) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചാത്തന്നൂരിൽ ഒരു ഡി.വൈ.എസ്.പി. ഓഫീസ് സ്ഥാപിക്കുവാനുള്ള നിർദ്ദേശമുണ്ടായിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly